
നിലാവ്
എസ് .എൻ. ട്രസ്റ്റ് .എച്ച്. എസ്സ്. എസ്സ്
പുനലൂർ
1
little
KITEs

# എഡിറ്റോറിയൽ

എസ്.എൻ.ട്രസ്റ്റ്സ് ,എച്ച്.എസ്സ്.എസ്സിലെ ലിറ്റിൽ
കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ
തയ്യാറാക്കിയതാണ് നിലാവ് എന്ന ഈ ഡിജിറ്റൽ
മാഗസിൻ വിദ്യാർത്ഥികളിലെ കഴിവു
കളെ വളർത്തിയെടുക്കുന്നതോടൊപ്പം ഹൈടെക്
യുഗത്തിലേക്ക് കുട്ടികളെ ഉയർത്തുക
എന്നതാണ് ഈ ഡിജിറ്റൽ മാഗസിൻ വഴി
സാധിക്കുന്നത്. ഈ മാഗസിന്റെ പ്രവർത്തന
ത്തിൽ സഹകരിച്ച എല്ലാ സുഹൃത്തുക്കൾക്കും നന്ദി
പറയുന്നതോടൊപ്പം ഹൈടെക് യുഗത്തി
ലേക്ക് പറന്നുയരാൻ എല്ലാവർക്കും സാധിക്കട്ടെ
എന്നാശംസിക്കുന്നു

സ്നേഹപൂർവ്വം

എഡിറ്റർ

# എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

അരുണിമ പ്രട

ഹരി

ആതിര ജി


ജ്യോതി

ലിജു സുരേഷ്

വിനിത

ആരതി

ീര




# നിലാവ്

## ലിറ്റിൽ കൈറ്റ്സ്
@
എസ്.എൻ.ട്രസ്റ്റ്സ്.എച്ച്.എസ്സ്.എസ്സ്
പുനലൂർ


little KITEs

# നിലാവ്

## Digital Magazine

# SN TRUSTS HSS  AIKARAKONAM PUNALUR





# ഉള്ളടക്കം

1. ലിറ്റിൽകൈറ്റ്സ് അനിമേഷൻ ക്യാമ്പ് 2018-19..........7

2.കഞ്ഞുണ്ണിമാഷ് ..........8

3. കട്ടിയുംതള്ളയും ..........9

4. മഴയെ പ്രണയിച്ചവൻ..........10

5. സൽക്കാരം..........11

6. മരിക്കാത്ത സൗഹൃദം..........12

7. പെൻഷൻ..........13

8. കടുംബം ..........14

9. കഞ്ഞുണ്ണിമാഷിന്റെ കവിതകൾ ..........15 -16

10. എന്റെ അമ്മ ..........17

11. ഒരു സൈനികന്..........18

12. മഴ..........19

13. ലിറ്റിൽകൈറ്റ്സ്..........20

14. പ്രമുഖ കവികൾ..........21

5. പാഥേയം..........22

16. മലയാളം..........23

17. മഴ.......... 24

18. അന്ത്യം..........25


19. വെറുമൊരു വാക്കോ?..........26

20. നൊമ്പരം..........27


21. ഓർമ്മകൾ മാത്രം ..........28

22.ചിക്കവിന്റെ തിരിച്ചുവരവ്..........29.

# ലിറ്റിൽ കൈറ്റ്സ് അനിമേഷൻ ക്യാമ്പ് 2018-19






കുഞ്ഞുണ്ണിമാഷ്



എഴുതാൻ വേണ്ടി വായിക്കരുത്
വായിക്കാൻ വേണ്ടി എഴുതരുത്
വായിച്ചാലും വളരും
വായിച്ചില്ലെങ്കിലും വളരും
വായിച്ചാൽ വിളയും
വായിച്ചില്ലേൽ വളയും

മുട്ടായിക്ക് ബുദ്ധി വെച്ചാൽ
ബുദ്ധിമുട്ടായി
മത്തായിക്ക് ശക്തി വെച്ചാൽ ശക്തിമത്തായി

ഉടുത്തമുണ്ടഴിച്ചിട്ടു
പുതച്ചങ്ങു കിടക്കുമ്പോൾ മരിച്ചങ്ങു
കിടക്കുമ്പോഴുള്ളൊരു സുഖമുണ്ടിടാം




## കുട്ടിയും തള്ളയും

പൂക്കുന്നിതാ മുല്ല പൂക്കുന്നിലഞ്ഞി,
പൂക്കുന്നു തേന്മാവു പൂക്കുന്നശോകം;
വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ, പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾപോലെ
എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു
ഉല്ലാസമീ നീണ്ട കൂകൂരവത്താ-
ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ
കാണുന്നിതാ രാവിലേ പൂവു തേടി
ക്ഷീണത്വമോരാതെ തേനീച്ച കാട്ടിൽ
പോണേറെയുത്സാഹമുൾക്കൊണ്ടുവല്ലോ-
ന്നോണം വെളുക്കുന്നുഷസ്സായിതെല്ലാം?
പാടങ്ങൾ പൊന്നിൻ നിറം പൂണ്ടു നീളെ-
പ്പാടിപ്പറന്നെത്തിയീത്തത്തയെല്ലാം
കേടറ്റ നെല്ലിൻ കതിർക്കാമ്പുകൊത്തി-
ക്കൂടാർന്ന ദിക്കോർത്തു പോകുന്നു വാനിൽ
ചന്തം ധരയ്ക്കേറെയായ് ശീതവും പോ,-
യന്തിക്കു പൂങ്കാവിലാളേറെയായി;
സന്തോഷമേറുന്നു ദേവാലയത്തിൽ
പൊന്തുന്നു വാദ്യങ്ങൾ— വന്നു വസന്തം!
നാകത്തിൽനിന്നോമനേ, നിന്നെ വിട്ടീ
ലോകത്തിനാനന്ദമേകുന്നിതീശൻ
ഈ കൊല്ലമീ നിന്റെ പാദം തൊഴാം ഞാൻ
പോകൊല്ല പോകൊല്ല പൂക്കാലമേ നീ!
ചിന്തിച്ചിളങ്കാറ്റതൻ നിസ്വനത്താ-
ലെന്തോന്നരയ്ക്കുന്നു നീ?— ഞാനറിഞ്ഞു
"എന്താതനാം ദേവനോതുന്നതേ ഞാ-
നെന്താകിലും ചെയ്യു"വെന്നല്ലയല്ലീ?

കുമാരനാശാൻ

# മഴയെ പ്രണയിച്ചവൻ



കാർമുകിലേ...... കാർമുകിലേ.......
പെയ്തിറങ്ങു പെയ്തിറങ്ങു
കദനഭാരം ജലകണമായി
പെയ്തിറങ്ങു പെയ്തിറങ്ങു

എൻ മനസ്സിൽ കദനമഴ
പ്രണയമായി പരിണമിപ്പു
ആർദ്രമായി ലയിച്ചു നിന്നിൽ
ഏറെ നിന്നെ പ്രണയിക്കുന്നു

നിൻ ചിറകിൻ തേരിലേറി
നാട് കാണാൻ മോഹമായി
പെയ്തിറങ്ങാതെന്നിൽനിന്നും
അകലെയായി നീ മറഞ്ഞിടുമ്പോൾ
എൻ ഹൃദയം വേഴാമ്പലായി
നിനക്കുവേണ്ടി കാത്തിരിപ്പു

കാത്തിരിപ്പു കാത്തിരിപ്പു
പെരുമഴയായി നീ വരുവാൻ
കുളിരിനുള്ളിൽ ചടഞ്ഞിരിന്നു
നിന്നെ നോക്കി രസിച്ചിടുവാൻ

പെയ്തിറങ്ങി യാത്രയായി
എൻ മനസ്സും നിശബ്ദമായി
വീണ്ടുമൊരു വരവിനായി
മോഹിച്ചു ഞാൻ കാത്തിരിപ്പു

# സൽക്കാരം

പുതിയ കോളേജിൽ അഡ്മിഷൻ കിട്ടിയപ്പോൾ അമ്മ പറഞ്ഞതാണ് മോനെ നന്നായി പഠിച്ച ഒരുദ്യോഗം വാങ്ങണം എന്നിട്ട് വേണം എനിക്ക് സമാധാനമായി വിശ്രമിക്കാൻ.......,ശരിയായിരുന്നു അമ്മ പറഞ്ഞത് അമ്മക്ക് ജീവിതത്തിൽ വിശ്രമം എന്തെന്ന് അറിയാൻ കഴിഞ്ഞിട്ടില്ല അച്ഛന്റെ മരണം കൊണ്ട് മുപ്പതാം വയസ്സിൽ വീട്ടുജോലി ചെയ്യാൻ തുടങ്ങിയതാണ് .ഈ മൂന്നുവർഷം ഒന്ന് പെട്ടെന്ന് കഴിഞ്ഞിരുന്നെങ്കിൽ എന്ന് എപ്പോളും പ്രാർത്ഥിക്കുമായിരുന്നു .പിന്നെ രണ്ടാം വർഷത്തിൽ എൻറെ മനസ്സിനെ കീഴടക്കിയ ആ ശാലീന സുന്ദരി അവളെ സ്വന്തമാക്കലായിരുന്നു അടുത്ത ലക്ഷ്യം.അവളുടെ പിണക്കങ്ങളും ഇണക്കവും ആയി ആ രണ്ടാം വർഷം കഴിയാറായി മൂന്നാം വർഷാരംഭത്തിൽ കിട്ടിയ കൂട്ടുകാർ അവർ എനിക്കെല്ലാമായിരുന്നു അവർക്ക് വേണ്ടി അവരെ സന്തോഷത്തിനായി ഞാൻ മദ്യപിക്കാൻ തുടങ്ങി .പിന്നീടുള്ള ദിവസങ്ങളിൽ അവർ എനിക്കുവേണ്ടിയും മദ്യം വിളമ്പി .ഹോസ്റ്റൽ മുറി ഞങ്ങൾക്ക് ഒരു ബാറിന്റെ പ്രതീതി തന്നു .അമ്മ വീട്ടിൽ നിന്നും കൊടുത്തുവിടുന്ന അച്ചാറുകൾ ഞങ്ങൾ സല്ലരത്തിനിടയിൽ തൊട്ടുകൂട്ടി .തന്നെ കാണാനായി വന്ന എൻറെ ശാലീന സുന്ദരിയെ മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ട ഞാനും കൂട്ടുകാരും ചേർന്ന് പിച്ചിച്ചീന്തി .ബോധം വന്നപ്പോൾ അവളുടെ ശരീരം ആ മുറിക്കുള്ളിൽ എൻറെ പച്ച കൈലിയിൽ തൂങ്ങി ആടികൊണ്ടിരുന്നു.അടുത്ത ദിവസം ലോക്കപ്പിൽ അമ്മ കാണാൻ വന്നു .കണ്ണുകൾ കരഞ്ഞു വീർത്തിരിക്കുന്നു അമ്മ എന്ന് ഞാൻ വിളിച്ചപ്പോൾ എനിക്ക് മറുപടിയായി പറഞ്ഞു "നീ പിച്ചവച്ച നടന്നകാലം നീ വീഴാൻ പോകുമ്പോൾ ഈ അമ്മയുടെ നെഞ്ച് പിടഞ്ഞിരുന്നു .ആ കാലുകൾ ഇപ്പോൾ നിലത്തുറക്കാതെ മദ്യത്തിന്റെ കൊഴുപ്പിൽ തെന്നിപോകുന്നു ,ഞാൻ പട്ടിണികിടന്നപ്പോളും ഞാൻ നിനക്ക് ആവോളം മുലപ്പാൽ തന്നിരുന്ന ആ ചുണ്ടുകളിൽ ഇപ്പോൾ പുകയുന്ന സിഗരറ്റ് കുറ്റികൾ,കൈകളിൽ ഒരുപാവം പെൺകുട്ടിയുടെ ചോരയുടെ മണം.എല്ലാം ഈ അമ്മക്ക് മതിയായി ,ഈ നെഞ്ചിൽ കൈവച്ച ഞാൻ പറയുകയാണ് ആ കുഞ്ഞിനോട് നീ ചെയ്ത മഹാപാപത്തിനു നീ ഒരുകോടി ജന്മം എടുത്തു നരകിച്ച നരകിച്ച ജീവിക്കണം . അതും പറഞ്ഞു അമ്മ അവിടെ നിന്നും ദൂരേക്ക് നടന്നു പോയി ......... പെറ്റമ്മയുടെ ശാപ വാക്കുകൾ ശരങ്ങളായി നെഞ്ചിൽ തുളഞ്ഞു കയറിക്കൊണ്ടേയിരുന്നു............

## മരിക്കാത്ത സൗഹൃദം

കൈകോർത്തു ചേർന്നു- നടന്നവനെന്തെ
തൊട്ടു കൂടായ്മ കാട്ടി-
മതിൽ തീർത്തതെന്തെ
തീരാത്ത ദുഖം- പകർന്നതുമെന്തെ
നീറി പുകഞ്ഞിട്ടുമെൻ-
അകം കാണാത്തതെന്തെ.
ചങ്കേ വിളിച്ചു നടന്നവൻ ഹൃത്തിൽ- നിന്നു മറഞ്ഞതോ
ഞെട്ടൽ
ജീവൻ വെടിയുന്ന കാലം-
തീരാത്തതോ നീ തന്ന നീറ്റൽ
മറക്കില്ല മരണ മാലാഖ വന്നു-
പിടികുമെൻ ആത്മാവെ- കൊണ്ടു പോകുന്ന കാലം.
കാണുന്നവർ കൂടി- പറഞ്ഞതോ പൊള്ള്
നീ എന്നെക്കുറിച്ചു- നിനച്ചതോ പൊള്ള്
നിന്നെ നോവിച്ചെൻ - കരങ്ങൾ കരയുന്നു തേങ്ങി
നിൻ മേനിയെ കാണുന്ന- നേരം അതോ വിങ്ങി.
ആനന്ദം ദുഖ:മെ- തോൽപികുമെങ്കിൽ
മടിക്കാതെ മടങ്ങണം-
കഴിഞ്ഞ കാലത്തിലേക്ക്.
പിടക്കും തുടികുമെൻ- ഹൃത്തിൽ നിറം മങ്ങാതെ-
കത്തുന്ന സൂര്യൻ
അണക്കാതെ കാത്തു-
വെച്ചുള്ള കൂട്ടുകാരൻ.

# പെൻഷൻ

"ശാരദേ,അശോകനുണ്ടോ ഇവിടെ?"

"ഇല്ലല്ലോ സെക്രട്ടേറിയറ്റിൽ പോയിരിക്കുകയാണ് എന്തേ?"

"പെൻഷന്റെ കാര്യം ശരിയാക്കിതരാമെന്നു പറഞ്ഞിരുന്നു ഞാനിറങ്ങുന്നു"

"അച്ഛാ ദാ കുട, സൂക്ഷിച്ചുപോണം"

"വയ്യ മോളെ ആ പടികേറാൻ"

"നിങ്ങളെന്തായീ പറയുന്നത് മരുന്ന് വങ്ങണ്ടേ? ആസ്തമക്ക് ഒരു കുറവുമില്ല, അവനാണെങ്കിൽ പാർട്ടിയുടെ പിറകെ നടക്കുന്നു" ഭാര്യ സങ്കടപ്പെട്ടു.
അയാൾ കാലൻകുട തുറന്നു റോഡിലേക്കിറങ്ങി.
ഒരുമണിക്കൂർ കഴിഞ്ഞപ്പോൾ ഫോൺ ബെല്ലടിച്ചു.

"സിറ്റി ഹോസ്പിറ്റലിൽ നിന്നാണ്.ശേഖരൻ ഇവിടെ ICU വിലുണ്ട് വേഗം വരിക "
അവർ ഹോസ്പിറ്റലിൽ എത്തി.
ഡോക്ടർ പറഞ്ഞു "രണ്ട് അറ്റാക്ക് വന്നയാളല്ലേ STRAIN ചെയ്യരുതെന്ന് പറഞ്ഞിട്ട് ! കയറി കണ്ടോളൂ,അല്പം സീരിയസ്സാണ്"
അയാൾ കണ്ണുകൾ തുറന്നു അവരെ നോക്കി മുണ്ടിന്റെ കോന്തലയില്നിയന്നും പെൻഷൻപ ണം മകള്ക്ക് കൊടുത്തു.

ഫോൺ മുഴങ്ങി "അശോകേട്ടനാണ് അച്ഛനോട് സംസാരിക്കണമെന്ന്."
അയാൾ ഫോൺ ചെവിയോടു ചേർത്തു പറഞ്ഞു "എന്റെ കണ്ണടഞ്ഞാൽ വിമലക്ക് മരുന്നുവാങ്ങാൻ പൈസയി ല്ലാതാകുമല്ലോ ......................."

"സമാധാനിക്കൂ അമ്മായിയെ ഓർത്തു വിഷമിക്കേണ്ട വിധവാപെൻഷൻ ശരിയാക്കികൊടുക്കാം"
അയാൾ സമാധാനത്തിൽ കണ്ണുകൾ അടച്ചു എന്നെന്നേക്കുമായി !



# കുടുംബം

കുടുംബം വ്യക്തികളിലതിഷ്ഠിതം
വ്യക്തിക്കിമ്പം പ്രാധാന്യം
ഇമ്പമാശയത്തിനാധാരം
ആശയം വിശ്വാസത്തിനുചിതം

വിശ്വാസങ്ങളൊന്നായാൽ
വിഷമങ്ങളില്ലാതെ ജീവിക്കാം
വിഷം ഒരു മനസ്സ്പേറിയാൽ
അവിടം യാന്ത്രികം ജീവിതം

ഒന്നിനോടൊന്ന് പൂരകമായാൽ
ഏതും പൂരത്തിന് തുല്യം
സന്തോഷപൂർണ്ണം ജീവിതം
സന്താപരഹിതം മാനസം

രാജേഷ് ജി നായർ

# കുഞ്ഞുണ്ണി മാഷിന്റെ കവിതകൾ..

1

കുഞ്ഞുണ്ണിക്കൊരു മോഹം
എന്നും കുഞ്ഞായിട്ടു രമിക്കാൻ
കുഞ്ഞുങ്ങൾക്കു രസിച്ചീടുന്നൊരു
കവിയായിട്ടു മരിക്കാൻ.

(2 )
സത്യമേ ചൊല്ലാവൂ
ധർമ്മമേ ചെയ്യാവൂ
നല്ലതേ നൽകാവൂ
വേണ്ടതേ വാങ്ങാവൂ

(3 )
ഒരു വളപ്പൊട്ടുണ്ടെൻ കയ്യിൽ
ഒരു മയിൽപ്പീലിയുണ്ടെന്നുള്ളിൽ
വിരസ നിമിഷങ്ങൾ സരസമാക്കുവാ
നിവ ധാരാളമാണെനിക്കെന്നും.

(4 )
ജിവിതം നല്ലതാണല്ലോ
മരണം ചിത്തയാകയാൽ

(5 )
ഉടുത്ത മുണ്ടഴിച്ചിട്ടു
പുതച്ചങ്ങു കിടക്കുകിൽ
മരിച്ചങ്ങു കിടക്കുമ്പോ
ഴുള്ളതാം സുഖമുണ്ടിടാം.



# <u>കുഞ്ഞുണ്ണി മാഷിന്റെ കവിതകൾ</u>

1

ഉടുത്ത മുണ്ടഴിച്ചിട്ടു
പുതച്ചങ്ങു കിടക്കുകിൽ
മരിച്ചങ്ങു കിടക്കുമ്പോ
ഴുള്ളതാം സുഖമുണ്ടിടാം.

=============================

2

ഞാനെന്റെ മീശ ചുമന്നതിന്റെ
കൂലിചോദിക്കാൻ
ഞാനെന്നോടു ചെന്നപ്പോൾ
ഞാനെന്നെ തല്ലുവാൻ വന്നു.

==========================

3

പൂച്ച നല്ല പൂച്ച
വൃത്തിയുള്ള പൂച്ച
പാലു വച്ച പാത്രം
വൃത്തിയാക്കി വച്ചു.

4

==========================

എത്രമേലകലാം
ഇനിയടുക്കാനിടമില്ലെന്നതുവരെ
എത്രമേലടുക്കാം
ഇനിയകലാനിടമില്ലെന്നതുവരെ.

==============================

5

എനിക്കുണ്ടൊരു ലോകം
നിനക്കുണ്ടൊരു ലോകം
നമുക്കില്ലൊരു ലോകം.

==================================

6

മഴ മേലോട്ട് പെയ്താലേ
വിണ്ണു മണ്ണുള്ളതായ് വരൂ
മണ്ണുള്ള ദിക്കിലുള്ളോർക്കേ
കണ്ണു കീഴോട്ടു കണ്ടിട്ടുള്ളൂ.

# എന്റെ അമ്മ...

പത്തുമാസം ചുമന്നെന്നെ നൊന്തുപ്രസവിച്ച
എന്നമ്മ..ചന്ദനത്തൊട്ടിലിൽ കിടത്തിയെന്നെ
താരാട്ടുപാടി ഉറക്കിയമ്മ.വിശന്നുകരയുമ്പോൾ
അമ്മിഞ്ഞപ്പാലുതന്നെന്നെ ഞാനാക്കിയെന്നമ്മ
അമ്മിഞ്ഞപ്പാലിൻമണമുള്ള എൻ ചുണ്ടിൽ
മണിമുത്തം നല്കിയെന്നമ്മ..പിച്ചവയ്ക്കുമ്പോൾ
താങ്ങുംതണലുമായ് കൂടെയുണ്ടായിരുന്നമ്മ
ആയിരം സൂര്യതേജസ്സോടെയെന്നും ശോഭിച്ചിടും
എന്നമ്മ എന്റെകുറ്റങ്ങൾ പൊറുത്തും ക്ഷമിച്ചും
ഒരു വഴികാട്ടിയായ് എപ്പോഴും കൂടെയുണ്ടമ്മ..



മാതൃദിനം സ്പെഷൽ

അ... അമ്മ

# ഒരു സൈനികന്

ഞാനുറങ്ങുമ്പോളുറങ്ങാതെ കാവലായ്
വാതിലിൽ നിൽക്കുന്ന ധീരനാം സൈനികാ!
ഓരോ പ്രഭാതത്തിലും മിഴിക്കോണിലായ്
നീ തെളിയുന്ന സുരക്ഷാവിളക്കമായ്;
നേരതിരിൽ നീയെനിയ്ക്കായിയുണ്ടെന്ന
നേരിന്റെ മുദ്രാങ്കിതങ്ങളുണ്ടെങ്കിലും
ഓരോ ദിനത്തിൻ തിരക്കിലും നിന്നെ ഞാൻ
ഓർമ്മിക്കുവാനായ് മറന്നു പോമെങ്കിലും
ജീവന്റെ ജീവനിൽ നിൻ സ്നേഹബന്ധിത-
ധീരസ്പർശം, പരിത്യാഗം, ദയാകണം
ദൂരെ മുൾവേലികൾ, ഗന്ധകം പൂക്കുന്ന
താഴ്വരകൾ, ശൈലശൃംഗം, സമുദ്രങ്ങൾ
മേൽക്കൂരയില്ലാതെയാകാശമാകുന്ന
സാക്ഷ്യപത്രങ്ങളിൽ നീ ജ്വലിച്ചീടവേ;
കൂട്ടിനായ് സൂര്യൻ, പകൽ തീവ്രമദ്ധ്യാഹ്നം
രാത്രി, ശരറാന്തലേറ്റുന്ന താരകൾ
മഞ്ഞും, തണുപ്പും, സിരാപടലങ്ങളെ
നിർമ്മമാക്കുന്നൊരേകാന്തഭാവവും
എല്ലാം സഹിക്കുന്നു നീയെനിയ്ക്കായ്
എന്റെ പുണ്യം നിനക്ക് ഞാൻ ദാനമേകിടുന്നു.
ഞാനുഴലുമ്പോഴും, പാതയോരങ്ങളിൽ
കാവലുണ്ടെന്നൊരു ബോധമില്ലെങ്കിലും
നീ രക്ഷകൻ, നിനക്കേകുവാൻ ഞാനെന്റെ
പ്രാണനിൽ തൊട്ടെഴുതിന്നീക്കുറിപ്പുകൾ
ഓരോ വസന്തവും, ആഘോഷഹർഷവും
ഞാൻ പകുക്കുന്നെന്റെ സൗഖ്യസൗധത്തിലായ്
നീയോ മഹായോഗമെന്ന പോലീ-ഋതു-
ഭേദങ്ങളെ നെഞ്ചിലേറ്റി ലാളിക്കുന്നു..
ഓണം, ബിഹു, ഗുഡി പാഡ്വയും ഞങ്ങളീ
സ്നേഹഗൃഹങ്ങളിൽ സ്നേഹിച്ചു തീർക്കവെ,
നീയങ്ങകലെയാ രാജ്യാതിരിൽ യുദ്ധഭീതിയും
മഞ്ഞും തകർന്നലിഞ്ഞിടുന്നു..
ഞാനുറങ്ങുമ്പോളുറങ്ങാതെ കാവലായ്
വാതിലിൽ നിൽക്കുന്ന ധീരനാം സൈനികാ!



# മഴ



മഴ എനിക്കിഷ്ടമാണ്. മഴയുടെ സംഗീതം കേട്ട്
പുതച്ചുമൂടി കിടന്നുറങ്ങാൻ
നല്ലരസമാണ്. ഇടിയും മിന്നലുമുള്ള തുലാമഴയെ
എനിക്ക് പേടിയാണ്.
എന്നാൽ സ്കൂൾ തുറക്കുമ്പോഴെത്തുന്ന ഇടവപ്പാതിയെ
എനിക്കിഷ്ടമാണ്.
ഞങ്ങളെ നനയ്ക്കുന്നതിനെത്തുന്ന ഈ കൂട്ടുകാരെ
ഞങ്ങൾ എല്ലാം ഇഷ്ടപ്പെടുന്നു
ചന്നം പിന്നം എന്ന താളത്തിൽ പെയ്യുന്ന ആ പെയ്ത്ത്
എന്ത് രസമാണ്.
മഴയത്ത് മുറ്റത്തിറങ്ങി കളിച്ചാൽ അമ്മ വഴക്കു പറയും.
മഴപെയ്താൽ മുറ്റത്തു
വെള്ളം നിറയും. മുറ്റത്തു നിറയുന്ന വെള്ളത്തിൽ
ഞങ്ങൾ കടലാസുതോണി
ഒഴുക്കികളിക്കും. സ്കൂളിലെ വൈകുന്നേരങ്ങളിൽ മാനം
കറുത്തിരുണ്ട്
മഴക്കോഴുകോഴ് ഴുമ്പോൾ പേടി തോന്നും.
കോരിച്ചൊരിയുന്ന മഴയിൽ കുടയും
പിടിച്ച് കൂട്ടുകാരുമൊത്തുള്ള നടപ്പ് ഒരു അനുഭവം
തന്നെയാണ്.



# Little KITEs

## ഹൈടെക് വിദ്യാലയങ്ങളിലെ കുട്ടികളുടെ ഐടി കൂട്ടായ്മ

Objectives of Little KITES programme



1. To encourage the natural interest of students in ICT field and to create a culture for appropriate usage of technology and software.

2. To provide an opportunity for students to learn the different perspectives of ICT tools, so as to make use of them for their learning activities.

3. To ensure participation of students in the usage and upkeeping on ICT equipments at schools, thereby increasing the productivity of the school is ICT enabled learning.

4. To empower students to undertaken minor technical issues of ICT equipments.

5. To enrich students on proper and safe internet usage and cyber security, and also to inculcate the importance of language computing.



# പ്രമുഖ കവികൾ



ചങ്ങമ്പുഴ കൃഷ്ണപിള്ള



കുമാരനാശാൻ



ഉള്ളൂർ എസ് പരമേശ്വരയ്യർ



വള്ളത്തോൾ

# പാഥേയം



ഒ എൻ വി  കുറുപ്പ്

വേർപിരിയുവാൻ മാത്രമൊന്നിച്ചുകൂടി നാം
വേദനകൾ പങ്കുവയ്ക്കുന്നു!
കരളിലെഴുമീണങ്ങൾ ചുണ്ടു നുണയുന്നു;
കവിതയുടെ ലഹരി നുകരുന്നു!
കൊച്ചുസുഖദുഃഖമഞ്ചാടിമണികൾ ചേർത്തു-
വച്ചു പല്ലാങ്കുഴി കളിക്കുന്നു,

വിരിയുന്നു കൊഴിയുന്നു യാമങ്ങൾ;-
നമ്മളും പിരിയുന്ന യാത്ര തുടർന്നു!

മായുന്ന സന്ധ്യകൾ മടങ്ങിവരുമോ?-പാടി-
മറയുന്ന പക്ഷികൾ മടങ്ങിവരുമോ?
എങ്കിലും സന്ധ്യയുടെ കൈയിലെ സ്വർണ്ണവും
പൈങ്കിളിക്കൊക്കിൽ കിനിഞ്ഞ തേൻതുള്ളിയും
പൂക്കൾ നെട്ടുവീർപ്പിട്ടും ഗന്ധങ്ങളും മൌന-
പാത്രങ്ങളിൽ കാത്തുവച്ച മാധുര്യവും
മാറാപ്പിലുണ്ടെൻറെ മാറാപ്പിലുണ്ടതും
പേറി ഞാൻ യാത്ര തുടരുന്നു!

മുറതെറ്റിയെത്തുന്നു ശിശിരം!
വിറകൊൾവു തരുനഗ്നശിഖരം!
ഒരു നെരിപ്പോടിൻറെ ചുടുകല്ലുകൾക്കിടയിൽ
എരിയുന്ന കനലുകൾ കെടുന്നു.
വഴിവക്കിൽ നിന്നേറിവന്ന വിറകിൻകൊള്ളി
മുഴുവനുമെരിഞ്ഞു തീരുന്നു.
ഒടുവിലെൻ ഭാണ്ഡത്തിൽ ഭദ്രമായ് സൂക്ഷിച്ച
തുടുചന്ദനത്തുണ്ടു വിറകും
അന്ത്യമായ് കണ്ണുചിമ്മുമഗ്നിക്കു നൽകി ഞാൻ
ഒന്നതിൻ ചൂടേറ്റു വാങ്ങി.

പാടുന്നു നീണ്ടൊരീ യാത്രയിൽ തളരുമെൻ
പാഥേയമാകുമൊരു ഗാനം!
ഒരു കപടഭിക്ഷുവായ് ഒടുവിലെൻ ജീവനെയും
ഒരു നാൾ കവർന്നു പറന്നുപോവാൻ
നിഴലായി നിദ്രയായ് പിന്തുടർന്നെത്തുന്ന
മരണമേ! നീ മാറി നിൽക്കൂ!
അതിനുമുൻപതിനുമുൻപൊന്നു ഞാൻ പാടട്ടെ
അതിലെൻറെ ജീവനുരുകട്ടെ!
അതിലെൻറെ മണ്ണ് കുതിരട്ടേ,പിളർക്കട്ടേ,
അതിനടിയിൽ ഞാൻ വീണുറങ്ങട്ടെ!

# മലയാളം

ഒ.എൻ.വി

എത്ര സുന്ദരം എത്ര സുന്ദരം എൻറെ മലയാളം
മുത്തു പവിഴങ്ങൾ കൊരുത്തൊരു പൊന്നുനൂൽ പോലെ
മണ്ണിൽ വീണ കരുത്ത നെന്മണി വിത്തു മുള പൊട്ടി
മിന്നുമീരില വിരിട്ടുമ്പോൾ എത്രയീരടികൾ
മണ്ണിൽ വേർ പ്പു വിതച്ചവർ തൻ ഈണമായ് വന്നു
അന്നു പാടിയ പാട്ടിലൂഞ്ഞാലാടി മലയാളം...
കൊഞ്ചലും കുറുമൊഴികളും പോയ് കഥകൾ പലതോതി
നെഞ്ചണച്ചൊരു ഗുരു വളർത്തി യ കിളിമകൾ പാടി
ദേവദൈത്യ മനുഷ്യവർഗ മഹാചരിത്രങ്ങൾ
തേൻ കിനിയും വാക്കിലോതി വളർ ന്നു മലയാളം...
എത്ര സുന്ദരം എത്ര സുന്ദരം എൻറെ മലയാളം.
മുത്തു പവിഴങ്ങൾ കൊരുത്തൊരു സ്വർണ്ണ മാലിക പോൽ.
എത്ര സുന്ദരം എത്ര സുന്ദരം എൻറെ മലയാളം.



# മഴ

മാധവിക്കുട്ടി



എന്റെ നായ മരിച്ചപ്പോൾ

ഒരു അഭിവൃദ്ധിയും നൽകാത്ത
ആ വീട്
ഞങ്ങൾ ഉപേക്ഷിച്ചു
ആ ശവസംസ്കാരത്തിനും
റോസാച്ചെടികൾ രണ്ടു പ്രാവശ്യം പൂവിട്ടതിനുശേഷം
വേരുകളോടെ റോസാച്ചെടിയെ പറിച്ചെടുത്തു,
പുസ്തകങ്ങളോടും
വസ്ത്രങ്ങളോടും
കസേരകളോടുമൊപ്പം
വണ്ടിയിൽ കയറ്റിക്കൊണ്ടുപോന്നു,
ഇപ്പോൾ ഞങ്ങൾ പുതിയ വീട്ടിൽ താമസിക്കുന്നു.
ഇവിടെ
മേൽക്കൂരകൾ ചോർന്നൊലിക്കുന്നില്ല
എന്നാൽ
ഇവിടെ മഴ പെയ്യുമ്പോൾ
ആ ആളൊഴിഞ്ഞ വീടിനെ
മഴ നനച്ചു കുതിർക്കുന്നത്
ഞാൻ കാണുന്നു.
ആ പഴയ വീട് തകർന്നു വീഴുന്ന ശബ്ദം
ഞാൻ കേൾക്കുന്നു.
അവിടെ എന്റെ നായുട്ടി
ഇപ്പോൾ തനിച്ചു കിടക്കുന്നു..



## അന്ത്യം

കാലത്തിൻ നാളമണഞ്ഞതോർമിക്കാൻ
ആരംഭ വീഥിയിൽ ഞാനലഞ്ഞു..

തിരിയിൽ തെളിയുന്ന തീഗോള വൃത്തത്തിൽ
ശാപത്തിൻ തീഷ്ണത ജ്വലിച്ചു നിന്നു..

കാലത്തിൻ സ്പന്ദനം ഉയിരിന്നു വേട്ടയായ്
കുരുന്നിന്റെ ജീവനെ വേട്ടയാടി..

വിലയെത്ര താണുപോയ് ജീവന്റെ ശ്വാസത്തിൻ
അന്ത്യം മാത്രം സ്വപ്നങ്ങളിൽ..

കനവിൽ എരിയുന്ന ഇരുളിന്റെ നാദങ്ങൾ
കാതിൽ നിറഞ്ഞു കവിഞ്ഞു നിന്നു..

കാണാകിരണങ്ങൾ കണ്ണിന്റെ ഇമകളിൽ
കാരിരുമ്പിൽ തട്ടിയകന്നു പോയി..

ഒരു നല്ല നാളിന്നായ് കാത്തു കാത്തിന്നു ഞാൻ
കണ്ണടകൾ തേടി യാത്രയായി..

കണ്ണിന്നു കുളിരേകും കണ്ണട ഒന്നുമേ
ജീവിത വീഥിയിൽ കണ്ടതില്ല..

എങ്ങോ കരയുന്ന മുലപ്പാൽ കുഞ്ഞിന്റെ
നിലക്കാത്ത നാദം അലയടിച്ചു..

തോക്കിന്റെ ഉമ്പിൽ നിന്നോടിയടുത്തൊരു
തിരയുടെ അലയടി നെറ്റിയിലായ്...

പിടഞ്ഞു പിടഞ്ഞു ഞാൻ തേങ്ങുന്ന മനസ്സുമായ്
ഭൂലോക വാസം വിട്ടകന്നു...

## വെറുമൊരു വാക്കോ..?



നശിക്കുകയാണോ നശിപ്പിക്കുകയണോ?
കൊല്ലുകയാണൊ കൊല്ലിക്കുകയാണോ?

സ്വാതന്ത്ര്യം കിട്ടിയെന്ന് കൊതിപ്പിക്കുകയാണോ?
ഗാന്ധിജിയും നെഹ്റുവും നേടിതന്നത് അപ്പോൾ?

ചോദ്യങ്ങൾ എൻ മുന്നിൽ
ഒത്തിരി കുമിയുന്നു - നമുക്കായ്
രക്തം ചിതറിയ മഹാവൃത്തങ്ങൾ
കാറ്റിൽ പറക്കുന്ന കാഴ്ച്ച മാത്രം


പറപ്പിച്ചതാണെന്നു വിളിച്ചു പറഞ്ഞിട്ടും
കാതു കൊടുക്കാത്ത മാനവരല്ലേ
കൊലവിളിയും കാലനും
കാലം മറന്നില്ലെ

ഉള്ളകൈകളിൽ ജീവൻ എടുത്തവർ
എന്നുമീ നാടിന്റെ ശാപമായ് വാഴുന്നു
ഇനിയും തുറക്കാത്ത കണ്ണുകൾ എന്തിനി
പാരിൽ നിറഞ്ഞു തുളുമ്പിടുന്നു

കൊലയെ കൊല്ലാൻ ആരുമില്ലിവിടെ
സാമൂഹികവും സാംസ്കാരികവും
ജീർണ്ണതയിൽ താഴുന്നു
എന്നതോർക്കാൻ ആർക്കുണ്ട് നേരം

അധിനിവേശവും ചൂഷണവും
അമിതമായ് ഉരുകുന്നു
അജണ്ടകൾ എവിടയോ
തീഗോളമാകുന്നു

ചോദിച്ചു പോകയാ-
ണാവർത്തിച്ചു പോകിലും
വെറുമൊരു വാക്കൊ
സ്വാതന്ത്ര്യമെന്നത്..?





# നൊമ്പരം

ശാന്തമായി ഒഴുകുന്ന പുഴയെ ഞാൻ നോക്കി
പുഴ എന്നോട് ചോദിച്ചു
നീ എന്നെ എന്തിന് നോകുന്നു
നിന്റെ പാവന സൗന്ദര്യം
അതെനിക്ക് ദർശിക്കണം
പുഴ അഭിനന്ദനം ചൊരിഞ്ഞു
പിന്നെ എൻ മുമ്പിൽ നിന്നവൻ
തൻ നൊമ്പരങ്ങൾ ചൊരിയാൻ തുടങ്ങി
ഞാൻ ഒരു പുഴയായിരുന്നു
ഞാൻ ചോദിച്ചു-നീ ഇപ്പോൾ പുഴയല്ലേ?
ഞാൻ കേവലം തൻ രോദനമാകുന്നു
എനിക്ക് ധാരാളം രക്തമുണ്ടായിരുന്നു
മാംസം എൻ സൗന്ദര്യമായിരുന്നു.
പക്ഷെ നിങ്ങളത് നശിപ്പിച്ചില്ലേ...
പുഴ തൻ ക്രോധ ഭാവത്താൽ
എന്നോടായി പറഞ്ഞു
എൻ മാംസമെടുത്ത് നിങ്ങൾ
കോൺക്രീറ്റ് കാട്ടുകൾ പണിതില്ലേ..
എൻ രക്തം കുപ്പികളിൽ
വില്പനവസ്തുവക്കിയില്ലേ..
എൻ പ്രഭാതം നിങ്ങൾ നശിപ്പിച്ചില്ലേ..
പുഴ ചോദിച്ചു-
നീ മൗനഭാവിയായതെന്തേ...
നിസ്സഹായത...
അത് എന്നെ കീഴ്പെടുത്തിക്കളഞ്ഞു.
ഞാൻ നിസ്സഹായതയോടെ പുഴയെ
ഒന്നുക്കൂടി നോക്കി.....

## <u>ഓർമ്മകൾ മാത്രം</u>

കരയുവാനാകാതെ ഹൃദയം വിതുമ്പുന്നു
ഹൃദയത്തിൻ താളം പിഴച്ചിടുന്നു.
വർണ്ണം വിതച്ചൊരു വെണ്മേഘക്കൂട്ടങ്ങൾ
അകലുന്നു ശൂന്യത ബാക്കിയാക്കി.
എങ്ങും അലയുവാൻ ഏകനായ് ഞാനിന്ന്
ലോകം ഒട്ടുക്കും ചുറ്റിടുന്നു.
ഒറ്റപ്പെടുത്തലായ് ജീവിതം ഇന്നൊരു,
ഭ്രാന്തനായ് പാരിൽ അലഞ്ഞിടുന്നു.
ദുഃഖം നിറച്ചൊരു കാർമേഘക്കൂട്ടങ്ങൾ
നിരയായ് വാനം നിറഞ്ഞു നിന്നു.
അലയുവാൻ മാത്രമായ് പാരിതിൽ ഞനിന്ന്,
ജീവിതം ബാക്കിയായ് ശൂന്യതയിൽ.
എന്നുമീ ഓർമയിൽ അലയടിച്ചുയരുവാൻ
ഓർമകൾ മാത്രം കൂട്ടിനായി...



## ചിക്കുവിൻറെ തിരിച്ചറിവ്

ഒരിടത്തു ചിക്കു എന്നു പേരുള്ള ഒരു പട്ടികുട്ടി ഉണ്ടായിരുന്നു.എപ്പോഴും കളിക്കാനാണ് അവനിഷ്ടം.എല്ലാ പക്ഷികളും മൃഗങ്ങളും അവൻറെ കൂട്ടുകാരായിരുന്നു.എല്ലാവരെയും സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്നതുകൊണ്ട് എല്ലാവർക്കും അവൻറെ കൂട്ടുകാരാവാൻ ഇഷ്ടമായിരുന്നു.

ഒരു ദിവസം ചിക്കു കളിച്ചുകൊണ്ടിരിക്കുകയായിരുന്നു.അപ്പോഴാണ് അവനൊരു ചിത്രശലഭത്തെ കണ്ടത്.ചിത്രശലഭവും ചിക്കുവും പെട്ടന്ന് കൂട്ടുകാരായി.പൂക്കളുടെ ഇടയിലൂടെ അവർ ഓടിക്കളിക്കുവാൻ തുടങ്ങി.



പെട്ടെന്ന് ചിത്രശലഭം കുറെ ദൂരത്തേക്കു പറന്നുപോയി .അവൻ അതിൻറെ പുറകെ ഓടാൻ തുടങ്ങിയപ്പോൾ ഇലയുടെ അടിയിൽ എന്തോ അനങ്ങുന്നത് പോലെ കണ്ടു.

ചിക്കു പേടിച്ചുപോയി "അയ്യോ ഇതൊരു പുഴു ആണല്ലോ'',അവൻ പറഞ്ഞു.

ഇതെല്ലം മരത്തിലിരുന്നു ഒരു കാക്ക കാണുന്നുണ്ടായിരുന്നു.കാക്ക ചോദിച്ചു "എന്തു പറ്റി ചിക്കു ?''

ചിക്കു പറഞ്ഞു" എനിക്ക് പേടിയാണ് പുഴുവിനെ,ഒരു ഭംഗിയും ഇല്ല കാണാൻ".

അപ്പോൾ കാക്ക ചിരിച്ചുകൊണ്ട് പറഞ്ഞു''നി ഇതുവരെ കളിച്ചുകൊണ്ടിരുന്ന ചിത്രശലഭം ഈ പുഴുവിൽ നിന്നാണ് ഉണ്ടായത്''.

ചിക്കുവിനു ഇതു കേട്ടിട്ട് വലിയ അത്ഭുതമായി.ഈ വൃത്തികെട്ട പുഴുവിൽ നിന്നും ഇത്രയും സുന്ദരിയായ ചിത്രശലഭമോ? എന്തായാലും അവനു വലിയ സന്തോഷമായി.

കാക്ക പറഞ്ഞു''നി കുറെ ദിവസത്തേക്ക് എന്നും വന്നു ഈ പുഴുവിനെ നോക്കുക. അപ്പോൾ മനസ്സിലാകും'' അവൻ അത് അനുസരിച്ചു കുറെ ദിവസം കഴിഞ്ഞപ്പോൾ പുഴു ഒരു കൂടിനുള്ളിലായി. അപ്പോൾ കാക്ക പറഞ്ഞു "അതാണ് പ്യൂപ''.

ചിക്കു പിന്നേം കാത്തിരുന്നു.ഒന്നു രണ്ടു ആഴ്ച കഴിഞ്ഞപ്പോൾ ആ കൂട് പൊട്ടി ഒരു സുന്ദരി ചിത്രശലഭം വന്നു.ചിക്കു അത്രേം ഭംഗിയുള്ള ചിത്രശലഭത്തെ കണ്ടിട്ടില്ലായിരുന്നു. അവൻ അതിൻറെ കൂടെ കുറെ നേരം കളിച്ചു.

കളിച്ചു ക്ഷീണിച്ചു വന്ന അവൻ കാക്കയോടു പറഞ്ഞു''ഇപ്പോൾ കാക്ക പറഞ്ഞത് എനിക്ക് മനസിലായി,ഭംഗിയില്ലാത്ത ഈ പുഴുവിൽ നിന്നും ഇത്രയും സുന്ദരിയായ ഒരു ചിത്രശലഭം ഉണ്ടാകുമെന്ന് എനിക്ക് വിശ്വസിക്കാൻ പറ്റുന്നില്ലായിരുന്നു.ഇപ്പോൾ ഞാൻ അത് തിരിച്ചറിഞ്ഞു,എനിക്ക് സന്തോഷമായി.''

പിന്നെ അവൻ വീട്ടിലേക്കു പോയി,അമ്മയോട് വിശേഷമെല്ലാം പറയാൻ.

ഗുണപാഠം:ഏതൊരു കൊള്ളില്ലാത്ത സാധനത്തിൽ നിന്നും നല്ലത് കണ്ടെത്താനാകും.






ശുഭം

